ശബരിമല തീർഥാടനം: 148 സ്പെഷൽ ട്രെയിനുകൾ ഓടിക്കുമെന്ന് എം.പി.

ചെങ്ങന്നൂർ: ശബരിമല മണ്ഡല മകരവിളക്ക് തീർഥാടന കാലത്ത് എത്തുന്ന അയ്യപ്പ ഭക്തരുടെ യാത്രാസൗകര്യം ഉറപ്പാക്കാൻ ഇന്ത്യൻ റെയിൽവേ 148 സ്പെഷൽ ട്രെയിനുകൾ സർവീസ് നടത്തുമെന്ന് കൊടിക്കുന്നിൽ സുരേഷ് എം.പി.

റെയിൽവേ ബോർഡ് ചെയർമാനുമായി നടത്തിയ കൂടിക്കാഴ്ചയിലാണു സർവീസുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എം.പി ചർച്ച ചെയ്തത്.

വിവിധ റെയിൽവേ സോണുകളുടെ നേതൃത്വത്തിലാണ് സ്പെഷൽ ട്രെയിനുകൾ സർവീസ് നടത്തുന്നത്. സൗത്ത് കോസ്റ്റ് റെയിൽവേ 22 ട്രെയിനുകളും സൗത്ത് സെൻട്രൽ റെയിൽവേ 56 ട്രെയിനുകളും സതേൺ റെയിൽവേ 32 ട്രെയിനുകളും സെൻട്രൽ റെയിൽവേ 18 ട്രെയിനുകളും സൗത്ത് വെസ്റ്റേൺ റെയിൽവേ 20 ട്രെയിനുകളും ഉൾപ്പെടെ ആകെ 148 സ്പെഷൽ ട്രെയിനുകളാണു സർവീസ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്.

ആദ്യഘട്ടത്തിൽ ഈ സ്പെഷൽ ട്രെയിനുകൾ 362 ട്രിപ്പുകൾ നടത്തും. കോട്ടയം, കൊല്ലം, തിരുവനന്തപുരം നോർത്ത് എന്നിവിടങ്ങളെ കേന്ദ്രീകരിച്ചാണ് സ്പെഷൽ ട്രെയിൻ സർവീസുകൾ ക്രമീകരിച്ചിട്ടുള്ളത്.

ശബരിമലയിലേക്ക് എത്തുന്ന തീർഥാടകർക്ക് സുഗമവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കുന്നതിന് കൂടുതൽ ട്രെയിൻ സർവീസുകൾ അനിവാര്യമാണെന്ന് എം.പി പറഞ്ഞു.

തീർഥാടന കാലത്ത് ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും ഉണ്ടാകുന്ന തിരക്ക് പരിഗണിച്ച് യാത്രക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തമിഴ്നാടിന്റെ കിഴക്കൻ പ്രദേശങ്ങളിൽനിന്ന് ശബരിമലയിലേക്ക് എത്തുന്ന അയ്യപ്പഭക്തർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിൽ പുനലൂർ കൊട്ടാരക്കര വഴി കൊല്ലത്തേക്ക് സ്പെഷൽ ട്രെയിൻ സർവീസ് നടത്തണമെന്ന നിർദേശവും എം.പി. അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി.

ഈ മേഖലകളിൽനിന്ന് എത്തുന്ന തീർഥാടകർക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്താനും നിലവിലുള്ള റെയിൽവേ ശൃംഖല കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഈ സർവീസ് സഹായകരമാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ സ്പെഷൽ ട്രെയിനുകൾക്ക് കുറഞ്ഞത് അഞ്ച് മിനിറ്റ് സ്റ്റോപ്പ് അനുവദിക്കണമെന്നും എം.പി. ആവശ്യപ്പെട്ടു.

തിരക്കിനിടയിൽ ഉണ്ടാകാനിടയുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും വയോധികർ, കുട്ടികൾ, സ്ത്രീകൾ എന്നിവരുൾപ്പെടെയുള്ള തീർഥാടകർക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിനും അഞ്ച് മിനിറ്റ് സ്റ്റോപ്പ് സഹായകരമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്പെഷൽ ട്രെയിനുകളുടെ സർവീസ് ക്രമീകരണം, ആവശ്യമായ റൂട്ടുകളിലേക്കുള്ള സർവീസ് വിപുലീകരണം, പ്രധാന സ്റ്റേഷനുകളിൽ മതിയായ സ്റ്റോപ്പ് സമയം എന്നിവ ഉറപ്പാക്കുന്നതിനായി റെയിൽവേ മന്ത്രാലയത്തിലും റെയിൽവേ ബോർഡിലും തുടർ ഇടപെടലുകൾ നടത്തുമെന്നും എം.പി. അറിയിച്ചു.



● നാളെ ഉദ്ഘാടനം ചെയ്യുന്ന മാക്കേക്കടവ്– നേരേകടവ് പാലം

മാക്കേക്കടവ്– നേരേകടവ് പാലം മുഖ്യമന്ത്രി നാളെ നാടിന് സമർപ്പിക്കും

ആലപ്പുഴ: വേമ്പനാട്ടു കായലിന്റെ ഇരു കരകളിലുമുള്ള ജനങ്ങളുടെ ചിരകാല അഭിലാഷമായിരുന്ന, ആലപ്പുഴ–കോട്ടയം ജില്ലകളെ ബന്ധിപ്പിക്കുന്ന മാക്കേക്കടവ്– നേരേകടവ് പാലം മുഖ്യമന്ത്രി വി.ഡി. സതീശൻ നാളെ നാടിനു സമർപ്പിക്കും.

മാക്കേക്കടവിൽ രാവിലെ ഒൻപതിന് പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ അധ്യക്ഷനാകും.

നിയമസഭ ഡപ്യൂട്ടി സ്പീക്കർ ഷാനിമോൾ, ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, ജലവിഭവ മന്ത്രി മോൻസ് ജോസഫ്, എക്സൈസ്, സഹകരണ മന്ത്രി എം. ലിജു,

എം.പിമാരായ കെ.സി. വേണുഗോപാൽ, ഫ്രാൻസിസ് ജോർജ്, എം.എൽ.എമാരായ കെ. ബിനിമോൻ, നാട്ടകം സുരേഷ്, ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. മഹേന്ദ്രൻ, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ്,

ആലപ്പുഴ കലക്ടർ ഷാജി വി. നായർ, കോട്ടയം കലക്ടർ ചേതൻകുമാർ മീണ, മുൻ എം.പി. എ.എം. ആരിഫ്, മുൻ എം.എൽ.എമാരായ സി.കെ. ആശ, ബിജി ജോമോൾ, ബാബു പ്രസാദ് തുടങ്ങിയവർ വിശിഷ്ടാതിഥികളാകും.

ഇരു ജില്ലകളിലെയും വിവിധ ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഗ്രാമ–ബ്ലോക്ക്–ജില്ലാ പഞ്ചായത്തംഗങ്ങൾ, രാഷ്ട്രീയകക്ഷി നേതാക്കൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടു ക്കും.

● പാലത്തിന്റെ പ്രത്യേകതകൾ

- ● 98.09 കോടി രൂപ ആകെ ചെലവ്
- ● 800 മീറ്റർ നീളം
- ● നടപ്പാത ഉൾപ്പെടെ 11 മീറ്റർ വീതി
- ● ഇരുകരകളിലുമായി 60 മീറ്റർ നീളത്തിൽ അപ്രോച് റോഡ്
- ● ആലപ്പുഴയിൽ നിന്നുള്ളവർക്ക് വൈക്കം, കോട്ടയം, തൃപ്പൂണിത്തറ എന്നിവിടങ്ങളിലേക്ക് എളുപ്പ വഴി
- ● ശബരിമല തീർഥടകർക്ക് ഏറെ പ്രയോജനം
- ● നിർദിഷ്ട തുറവൂർ–പമ്പ പാതയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗം

● ആലപ്പുഴ മുല്ലയ്ക്കൽ രാജരാജേശ്വരി ക്ഷേത്രത്തിലെ നവരാത്രി ഉത്സവത്തോടനുബന്ധിച്ച് തിരുവല്ല രാധാകൃഷ്ണമാരാരും സംഘവും അവതരിപ്പിച്ച പഞ്ചാരിമേളം

കടലിൽ കാണാതായ ശശികുമാറിന്റെ വീട് ജി. സുധാകരൻ സന്ദർശിച്ചു

അമ്പലപ്പുഴ: മത്സ്യബന്ധനത്തിനിടെ കടലിൽ കാണാതായ തൊഴിലാളിയുടെ വീട് ജി. സുധാകരൻ എം.എൽ.എ സന്ദർശിച്ചു. പുറക്കാട് പുന്തല സ്വദേശി ശശികുമാറിന്റെ വീട്ടിലെത്തിയാണ് എം.എൽ.എ കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചത്.

ശശികുമാറിനെ കണ്ടെത്തുന്നതിനായുള്ള തെരച്ചിൽ നടപടികൾ ഊർജിതമാ ക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനുമായി എം.എൽ.എ ഇടപെട്ടു. മത്സ്യബന്ധനത്തിനായി കടലിൽ പോയ ശശികുമാറിനെ കാണാതായ സംഭവം പ്രദേശത്തെ മത്സ്യത്തൊഴിലാളി സമൂഹത്തിലും കുടുംബാംഗങ്ങൾക്കിടയിലും വലിയ ആശങ്ക സൃഷ്ടിച്ചിരിക്കുകയാണ്.

ശശികുമാറിന്റെ വീട്ടിലെത്തിയ എം.എൽ.എ കുടുംബാംഗങ്ങളുമായി സംസാരിക്കുകയും നിലവിൽ നടക്കുന്ന തെരച്ചിൽ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു.

സംഭവത്തെക്കുറിച്ചും തിരച്ചിൽ പ്രവർത്തനങ്ങളെക്കുറിച്ചും എറണാകുളം ജില്ലാ കലക്ടറുമായി ബന്ധപ്പെട്ട് എം.എൽ.എ വിവരങ്ങൾ തേടി. ലഭ്യമായ വിവരമനുസരിച്ച്, മണക്കാട് പടിഞ്ഞാറ് ഏകദേശം 30 നോട്ടിക്കൽ മൈൽ അകലെയാണ് അപകടം സംഭവിച്ചതെന്നാണ് അറിയുന്നത്. വളരെ ദൂരെ ആയതിനാൽ കൂടുതൽ സമയം എടു ക്കാൻ സാധ്യതയുള്ളതായി പറയുന്നു.

തൊഴിൽ പരിശീലനം: അപേക്ഷിക്കാം

കലവൂർ: അസാപ് കേരളയുടെ ചെറിയകലവൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് മുഖേന, കൊച്ചിൻ ഷിപ്പ്യാർഡിൽ ആറുമാസത്തെ തൊഴിൽ അധിഷ്ഠിത പരിശീലന പരിപാടി യിലേക്ക് ഐ.ടി.ഐ. ഷീറ്റ് മെറ്റൽ, വെൽഡർ, ഫിറ്റർ എന്നീ വിഭാഗങ്ങളിൽ വിജയിച്ചവർക്ക് അപേക്ഷിക്കാം. പരിശീലന കേന്ദ്രം: കാർമൽ പോളിടെക്നിക് കോളജ്, പുന്നപ്ര. ഫോൺ: 9495999682. രജിസ്ട്രേഷന്: https://form.svhrt.com/6ac88879788fe1a7329986ad

ദേശീയപാതയിൽ മൺകൂനകളും നിർമാണ അവശിഷ്ടങ്ങളും ഭീഷണി

ആലപ്പുഴ: ദേശീയപാത 66–ന്റെ വികസനപ്രവൃത്തികൾക്കിടെ ആലപ്പുഴ ജില്ലയിൽ പലയിടത്തും അപകടസാധ്യത തുടരുന്നു. റോഡരികിലെ മണ്ണുകൂനകൾ, നിർമാണാവശിഷ്ടങ്ങൾ, അശാസ്ത്രീയ ഗതാഗതക്രമീകരണങ്ങൾ, സർവീസ് റോഡുകളിലെ പ്രശ്നങ്ങൾ, മുന്നറിയിപ്പ് ബോർഡുകളുടെ അപര്യാപ്തത എന്നിവ യാത്രക്കാർക്ക് ഭീഷണിയാകുകയാണ്.

അപകടങ്ങൾ ആവർത്തിച്ചിട്ടും സുരക്ഷാ ക്രമീ കരണങ്ങൾ കാര്യക്ഷമമാക്കാത്തതിനെതിരെ പ്രതിഷേധം ശക്തമാകുകയാണ്. ദേശീയപാതയിൽ മാരാരിക്കുളം കളിത്തട്ടിന് സമീപം കഴിഞ്ഞ ദിവസം സ്വകാര്യ ട്രാവലിങ് കമ്പനിയുടെ സ്ലീപ്പർ ബസ് നിയന്ത്രണം വിട്ട് മറിഞ്ഞ് യുവാവ് മരിക്കുകയും 13 പേർക്ക് പരുക്കേൽക്കുകയും ചെയ്തതും പ്രതിഷേധത്തിന് ആക്കം വർധിപ്പിച്ചു.

പന്തളം മാന്തുക എമിനൻസ് വില്ലേജ് നുമി മൻസിലിൽ സജീവിന്റെ മകൻ ആദിൽ സജീവ് (25) ആണ് മരിച്ചത്.

ബസ് ദേശീയപാതയിൽ നിന്ന് സർവീസ് റോഡിലേക്ക് മറിയുകയായിരുന്നു. ദേശീയപാതയും സർവീസ് റോഡും തമ്മിൽ രണ്ടടിയോളം ഉയരവ്യത്യാസമുള്ള ഭാഗത്താണ് അപകടം ഉണ്ടായത്.

കലവൂർ ഫ്ളൈഓവറിന് സമീപം റോഡിൽ കൂട്ടിയിട്ടിരുന്ന മണ്ണിൽ കാർ ഇടിച്ച് മറിഞ്ഞ സംഭവം നേരത്തെ ഉണ്ടായിരുന്നു. മുന്നറിയിപ്പ് ബോർഡുകൾ മറയ്ക്കുന്ന വിധത്തിൽ മണ്ണുകൂനകൾ സ്ഥാപിച്ചതും മതിയായ വെളിച്ചമില്ലാത്തതും അപകടസാധ്യത വർധിപ്പിക്കുന്നതായി പരാതികളുണ്ട്.

പലഭാഗത്തും അനധികൃത പാർക്കിങ്ങും ഗതാഗതതടസവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ദേശീയപാത നിർമാണ മേഖലകളിൽ പലയിടത്തും ഗതാഗതം വഴിതിരിച്ചുവിടുമ്പോൾ ആവശ്യമായ ദൂരത്തിൽ മുന്നറിയിപ്പ് നൽകാത്തതും ബാരിക്കേഡുകളിൽ പ്രതിഫലകങ്ങൾ സ്ഥാപിക്കാത്തതും രാത്രികാല യാത്രയ്ക്ക് ഭീഷണിയാകുന്നു. റോഡിലേക്കു തള്ളിനിൽക്കുന്ന തടസങ്ങളും ചിതറിക്കിടക്കുന്ന നിർമാണസാമഗ്രികളും ഇരുചക്രവാഹന യാത്രക്കാരെയാണ് കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നത്.

ചേർത്തല–അരൂർ മേഖലയിൽ നിർമാണപ്രവൃത്തികൾക്കിടെ സർവീസ് റോഡുകളുടെ മോശം അവസ്ഥയും ഇടുങ്ങിയ പാതകളിലൂടെയുള്ള ഗതാഗതവും യാത്രാദുരിതം വർധിപ്പിക്കുന്നുണ്ട്.

ചില ഭാഗങ്ങളിൽ ഒറ്റവരിയിലേക്ക് ചുരുങ്ങുന്ന ഗതാഗതപാതകളും ബസ് സ്റ്റോപ്പുകളിലെ തിരക്കും വാഹനയാത്രയെ പ്രതികൂലമായി ബാധിക്കുന്നു. ദേശീയപാതയിലെ സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കാൻ നടത്തിയ പരിശോധനകളിലും നിർമാണമേഖലകളിലെ വിവിധ വീഴ്ചകൾ കണ്ടെത്തിയിരുന്നു.

അപാകങ്ങൾ പരിഹരിക്കാൻ കരാർ കമ്പനികൾക്കും ബന്ധപ്പെട്ടവർക്കും നിർദേശം നൽകിയിരുന്നെങ്കിലും ഫലപ്രദമായ നടപടി ഉണ്ടായിട്ടില്ല.

അപകടം സംഭവിച്ചശേഷമുള്ള നടപടികളല്ല, അപകടം ഒഴിവാക്കാനുള്ള മുൻകരുതലുകളാണ് വേണ്ടതെന്ന ആവശ്യം വ്യാപകമായി ഉയരുന്നുണ്ട്.

അപകടസാധ്യതയുള്ള ഭാഗങ്ങളിൽ മണ്ണും നിർമാണാവശിഷ്ടങ്ങളും നീക്കുക, വ്യക്തമായ മുന്നറിയിപ്പ് ബോർഡുകളും പ്രതിഫലകങ്ങളും സ്ഥാപിക്കുക, മതിയായ തെരുവുവിളക്കുകൾ ഉറപ്പാക്കുക, സർവീസ് റോഡുകൾ സുരക്ഷിതമാക്കുക, അനധികൃത പാർക്കിങ് നിയന്ത്രിക്കുക തുടങ്ങിയ നടപടികൾ അടിയന്തരമായി സ്വീകരിക്കണ മെന്നാണ് ആവശ്യം.

ദേശീയപാത അതോറിറ്റിയും കരാർ കമ്പനികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഇടപെട്ടില്ലെങ്കിൽ നിർമാണം പൂർത്തിയാകാത്ത പാതകൾ യാത്രക്കാർക്ക് തുടർന്നും അപകടക്കെണികളായി മാറിയേക്കും.

സി.ആർ.സി. കോ–ഓർഡിനേറ്റർ: അപേക്ഷിക്കാം

ആലപ്പുഴ: സമഗ്ര ശിക്ഷ കേരളയുടെ ജില്ലാ പ്രോജക്ട് ഓഫീസിന്റെ കീഴിലുള്ള ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ ഒഴിവുള്ള സി.ആർ.സി. കോ–ഓർഡിനേറ്റർ തസ്തികകളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ബിരുദം, അധ്യാപന യോഗ്യത (ബി.എഡ്./ഡി.എൽ.എഡ്./ടി. ടി. സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത), കെ.ടെറ്റ്. പൊതുവിദ്യാലയങ്ങളിലെ അധ്യാപന പരിചയം, വിദ്യാഭ്യാസ ഗവേഷണം എന്നിവ അഭിലഷണീയം. പ്രായപരിധി: 45. അവസാന തീയതി 23 വൈകിട്ട് അഞ്ചുവരെ. വിവരങ്ങൾക്ക്: ssaalappuzha.blogspot.com ഫോൺ: 0477 2239655.

എർത്തിങ് കേബിൾ മോഷണംപോയി

മുതുകുളം: കായംകുളം എൻ.ടി.പി.സി. സോളാർ പ്ലാന്റിൽനിന്ന് എർത്തിങ് കേബിൾ മോഷണം പോയി. പ്രധാന കെട്ടിടത്തിന്റ വടക്കുമാറി കായലിൽ സ്ഥാപിച്ചിരുന്ന സോളാർ ഇൻവെർട്ടർ മൂന്നിൽ സ്ഥാപിച്ചിരുന്ന 40,000 രൂപയോളംവരുന്ന മൂന്നു കേബിളുകളാണ് അഴിച്ചു കൊണ്ടുപോയത്. അധികൃതരുടെ പരാതിയിൽ കനകക്കുന്ന് പോലീസ് കേസെടുത്തു. കഴിഞ്ഞയാഴ്ച സോളാർ പാനലുകൾ സമൂഹികവിരുദ്ധർ നശിപ്പിച്ചതായും പരാതിയുണ്ടായിരുന്നു.

● കൊച്ചിയിൽ കടലിൽ കാണാതായ പുറക്കാട് സ്വദേശി ശശികുമാറിന്റെ വീട്ടിലെത്തിയ ഫിഷറീസ് മന്ത്രി വി.ഇ. അബ്ദുൽ ഗഫൂർ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നു



● മാവേലിക്കര ശുഭാനന്ദ ആദർശാശ്രമത്തിൽ 12 വെള്ളിയാഴ്ച വ്രതാനുഷ്ഠാനങ്ങൾക്ക് ശുഭാനന്ദ സമാധി പീഠത്തിൽ മഠാധിപതി സ്വാമി ജ്ഞാനാനന്ദ ഭദ്രദീപ പ്രതിഷ്ഠ നിർവഹിക്കുന്നു

ശുഭാനന്ദാദർശ ആശ്രമത്തിൽ 12 വെള്ളിയാഴ്ച വ്രതാനുഷ്ഠാനം തുടങ്ങി

മാവേലിക്കര: ആത്മബോധോദയ സംഘം ശുഭാനന്ദാദർശാശ്രമത്തിൽ 12 വെള്ളിയാഴ്ച വ്രതാനുഷ്ഠാനങ്ങൾക്ക് തുടക്കം. കന്നിമാസത്തിലെ അവസാന വെള്ളിയാഴ്ച ആരംഭിച്ച പ്രത്യേക പ്രാർഥനാചരണം ജനുവരി ഒന്നിനാണ് പൂർത്തിയാകുന്നത്.

ശുഭാനന്ദ സമാധി പീഠത്തിൽ മഠാധിപതി സ്വാമി ജ്ഞാനാനന്ദ ഭദ്രദീപ പ്രതിഷ്ഠ നിർവഹിച്ചതോടെയാണ് ഈ വർഷത്തെ വ്രതാചരണങ്ങൾക്ക് ഔദ്യോഗിക തുടക്കം കുറിച്ചത്.

സ്വാമി സൂക്ഷ്മാനന്ദ, സ്വാമി ആത്മാനന്ദ, സ്വാമി ബ്രഹ്മാനന്ദ, സ്വാമി ധീരാനന്ദ, സ്വാമി ത്യാഗാനന്ദ, സ്വാമിനി ഗോമതിയമ്മ എന്നിവർ പ്രാർഥനകൾക്കും മറ്റു ചടങ്ങുകൾക്കും നേതൃത്വം നൽകി.

വരും ആഴ്ചകളിൽ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള ഭക്തജനപ്രവാഹത്തിനാണ് മാവേലിക്കര സാക്ഷ്യം വഹിക്കുക.

വ്രതാനുഷ്ഠാനം പൂർത്തിയാകുന്ന ജനുവരി ഒന്നിന്, ആയിര ക്കണക്കിന് ശുഭാനന്ദ ഭക്തർ ഇരുമുടിക്കെട്ടുകളേന്തി തീർഥാടകരായി ആശ്രമത്തിൽ എത്തിച്ചേരും.

സമാധി പീഠത്തിൽ ഭക്തിപൂർവ്വം വഴിപാടുകൾ സമർപ്പിക്കുന്നതോടെയാകും ഈ 12 വെള്ളിയാഴ്ച വ്രതാനുഷ്ഠാന ചടങ്ങുകൾക്ക് പരിസമാപ്തി കുറിക്കുക.

എം.സി. റോഡിൽ മണിക്കൂറുകളുടെ വ്യത്യാസത്തിൽ രണ്ട് അപകടം

ചെങ്ങന്നൂർ: എം.സി. റോഡിൽ മുണ്ടങ്കാവ് ജംഗ്ഷന് സമീപം മണിക്കൂറുകളുടെ വ്യത്യാസത്തിൽ ഇരട്ട അപകടം. ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വർക്ക്ഷോപ്പ് വാൻ നിയന്ത്രണംവിട്ട് കടകളിലേക്ക് ഇടിച്ചുകയറിയതാണ് ആദ്യ സംഭവം. പിന്നാലെ കാറും സ്കൂട്ടറും കൂട്ടിയിടിച്ച് രണ്ട് കോളജ് വിദ്യാർഥികൾക്ക് പരുക്കേറ്റു.

ഇന്നലെ പുലർച്ചെ രണ്ട് മണിയോടെയായിരുന്നു ആദ്യ അപകടം. മല്ലപ്പള്ളി ഡിപ്പോയിലേക്ക് ആവശ്യ സാധനങ്ങൾ നൽകിയശേഷം തിരികെ ചെങ്ങന്നൂരിലേക്ക് വരികയായിരുന്ന വർക്ക്ഷോപ്പ് വാനാണ് അപകടത്തിൽപ്പെട്ടത്. മുണ്ടങ്കാവ് ജങ്ഷന് സമീപം വെച്ച് ഡ്രൈവർ ഉറങ്ങിപ്പോയതിനെ തുടർന്ന് നിയന്ത്രണം വിട്ട വാൻ റോഡരികിലെ വൈദ്യുതത്തൂൺ തകർത്ത് സമീപത്തെ കടകളിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

വാനിന്റെ മുൻഭാഗം തകർന്നു. രാത്രിയായതിനാൽ വലിയ ദുരന്തമാണ് ഒഴിവായത്. അപകടത്തിൽ ആർക്കും പരുക്കില്ല. രാവിലെ 8.45–ഓടെയാണ് രണ്ടാമത്തെ അപകടം നടന്നത്. തിരുവല്ല മാക്ഫാസ്റ്റ് കോളജിലെ വിദ്യാർഥികൾ സഞ്ചരിച്ചിരുന്ന സ്കൂട്ടറും റോഡ് മുറിച്ചുകടക്കാൻ ശ്രമിച്ച കാറും തമ്മിൽ കൂട്ടിയിടിക്കുകയായിരുന്നു.

അപകടത്തിൽ പരുക്കേറ്റ വിദ്യാർഥികളെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇരുവരുടെയും പരുക്ക് ഗുരുതരമല്ല. പ്രദേശത്ത് ഏറെനേരം ഗതാഗതം തടസപ്പെട്ടു.

पंजाब नैशनल बैंक ...भरोसे का प्रतीक ! pnb punjab national bank ...the name you can BANK upon!

പഞ്ചാബ് നാഷണൽ ബാങ്ക്, അസറ്റ് റിക്കവറി മോണിറ്ററിംഗ് ശാഖ
എറണാകുളം, ഒന്നാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Email: cs4459@pnb.co.in; Ph: 0484-2350477

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002–ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 9(1) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ–വിൽപ്പന നോട്ടീസ്. ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രതീകാത്മകമായി കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/പണയക്കാരെയും പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും അറിയിച്ചുകൊള്ളുന്നു. ബാങ്കിന് ലഭിക്കാനുള്ള തുക വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന വസ്തുക്കൾ അന്നേ ദിവസം "ഇപ്പോൾ എവിടെയാണോ" "എങ്ങിനെയാണോ", "ഏതൊക്കെയാണോ" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബാങ്കിന് ലഭിക്കാനുള്ള കുടിശ്ശിക തുകയും വായ്പക്കാരുടെയും ജാമ്യക്കാരുടെയും വിവരദവിവരങ്ങളും കരുതൽ വിലയും നിരതദ്രവ്യവും തുടങ്ങിയവ താഴെ വിവരിക്കുന്നു.

ലേല വിൽപ്പന തീയതിയും സമയവും: 06.11.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ

വായ്പക്കാരൻ/ ജാമ്യക്കാരുടെ / പണയക്കാരുടെ പേരും വിലാസവും	പണയം വച്ചിട്ടുള്ള സ്ഥാവര വസ്തുക്കളുടെ വിവരണം	എ) SARFAESI Act 2002 ലെ സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് തീയതി, ബി) കുടിശ്ശിക തുക, സി) SARFAESI Act 2002 ലെ സെക്ഷൻ 13(4) പ്രകാരം കൈവശാവകാശ തീയതി, ഡി) കൈവശത്തിന്റെ സ്വഭാവം: പ്രതീകാത്മകം/ഭൗതികം/ക്രിയാത്മകം
1) ശ്രീ. അഹമ്മദ് ഷാനവാസ് കെ, S/o ഉമ്മർ, 2) ശ്രീമതി. സനമോൾ, ഇരുവരും താമസിക്കുന്നത് കുറുക്കൻ ഹൗസ്, വെളിയഞ്ചേരി പോസ്റ്റ്, എടപ്പറ്റ, മലപ്പുറം 679326	ആലപ്പുഴ ജില്ലയിൽ, കുട്ടനാട് താലൂക്കിൽ, കൈനകരി വില്ലേജിൽ, ബ്ലോക്ക് നമ്പർ 9, സർവ്വെ നമ്പർ 269/1A2, 1B, 1C, റീ സർവ്വെ നമ്പർ 56/4 ൽ പെട്ട 12.13 ആർസും ആലപ്പുഴ ജില്ലയിൽ, കുട്ടനാട് താലൂക്കിൽ, കൈനകരി വില്ലേജിൽ, ബ്ലോക്ക് നമ്പർ 9, സർവ്വെ നമ്പർ 269/1A2, 269/1B, 269/1C, റീ സർവ്വെ നമ്പർ 56/4-3 ൽ പെട്ട 12.37 ആർസും ഉൾപ്പെടെ ആകെ 24.50 ആർസ് വസ്തുവും അതിനോട് ചേർന്നുള്ളതും വസ്തുവിന്റെ പടിഞ്ഞാറുഭാഗത്തായി സ്ഥിതി ചെയ്യുന്നതുമായ നടപ്പാതയിലുള്ള അവകാശങ്ങളും കൂടാതെ അഹമ്മദ് ഷാനവാസ് കെ. യുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ളതുമായ നെടുമുടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 3/350, 3/350A, 3/350B എന്നീ നമ്പറുകളിലുള്ളതുമായ രണ്ട് താമസയോഗ്യമായ കെട്ടിടങ്ങളും, അവയിലുള്ള എല്ലാ ഫിറ്റിംഗുകളും ഫിക്സ്ചറുകളും ഉൾപ്പെടെയുള്ള മുഴുവൻ അവകാശങ്ങളും; **അതിരുകൾ: വടക്ക്:** അപ്പച്ചൻകുട്ടി വക വസ്തു; **തെക്ക്:** തോമസ് വക വസ്തു; **കിഴക്ക്:** പൊതുവഴിയും പമ്പാ നദിയും; **പടിഞ്ഞാറ്:** ജോ ജോസഫ് വക വസ്തുവും സ്വകാര്യ വഴിയും.	A) 03.10.2024 B) 30.09.2026 ലെ കുടിശ്ശിക തുക: 3,21,44,360.05 രൂപ (മൂന്ന് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി മുന്നൂറ്റി അറുപത് രൂപ അഞ്ച് പൈസ) യും കൂടാതെ ബാധകമായ പലിശയും ചെലവുകളും മറ്റ് നിരക്കുകളും. C) 16.12.2024 D) പ്രതീകാത്മകമായ കൈവശം a) കരുതൽ വില : 1,23,63,000/– രൂപ b) നിരതദ്രവ്യം : 12,36,300/– രൂപ c) ലേല വർദ്ധന തുക : 10,000/– രൂപ സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ - നിലവിലില്ല

നിരത ദ്രവ്യം നിക്ഷേപിക്കാനുള്ള അവസാന തീയതി: 05.11.2026
വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 04.11.2026 ന്

ഇ– ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും : 1. ഈ വിൽപന 'സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002'–ൽ അനുശാസിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, താഴെ പറയുന്ന അധിക വ്യവസ്ഥകൾക്കും വിധേയമായിരിക്കും. 2. വസ്തുവകകൾ "ഇപ്പോൾ എവിടെയാണോ" "എങ്ങിനെയാണോ", "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിലാണ് വിൽക്കുന്നത്. 3. മുകളിലുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഈടുനൽകിയ ആസ്തികളുടെ വിവരങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭ്യമായ അറിവ് അനുസരിച്ചാണ് നൽകിയിരിക്കുന്നത്; എന്നാൽ ഈ വിജ്ഞാപനത്തിലുണ്ടാകാവുന്ന ഏതെങ്കിലും പിശകുകൾക്കോ, തെറ്റായ വിവരങ്ങൾക്കോ, വിട്ടുപോയ കാര്യങ്ങൾക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. 4. ലേലത്തിൽ ലഭിക്കുന്ന ബിഡുകൾ സ്വീകരിക്കാനോ നിരസിക്കാനോ, അല്ലെങ്കിൽ ലേലം മാറ്റിവെക്കാനോ റദ്ദാക്കാനോ നിർത്തിവെക്കാനോ അതിലെ വ്യവസ്ഥകളിൽ മാറ്റം വരുത്താനോ ഉള്ള അധികാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഇതിനായി കാരണം വ്യക്തമാക്കേണ്ടതില്ല, ഇക്കാര്യങ്ങളിൽ അദ്ദേഹത്തിന്റെ തീരുമാനമായിരിക്കും അന്തിമം. 5. ഈടുനൽകിയ ആസ്തി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാൾ കുറഞ്ഞ തുകയ്ക്ക് വിൽക്കുന്നതല്ല. 6. https://Baanknet.com എന്ന വെബ്സൈറ്റിലെ ഇ–ലേല പ്ലാറ്റ്ഫോം വഴി താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനായിരിക്കും വിൽപന നടത്തുന്നത്. 7. വിൽപ്പനയുമായി ബന്ധപ്പെട്ട വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും https://Baanknet.com, www.pnbindia.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 15.10.2026, സ്ഥലം: എറണാകുളം — ഒപ്പ്/–, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷ്ണൽ ബാങ്ക്

ബഹുമാനപ്പെട്ട മാവേലിക്കര അഡീഷണൽ ജില്ലാ കോടതി I മുമ്പാകെ
A.S. No. 53/2026

അപ്പീൽ വാദി : മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ പുതിയകാവ് മുറിയിൽ കൊച്ചുതറ വടക്കേതിൽ ലക്ഷ്മി സദനത്തിൽ രാജപ്പൻ മകൾ 56 വയസുള്ള രജനി @ സുധ.

അപ്പീൽ പ്രതി : മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ പുതിയകാവ് മുറിയിൽ കൊച്ചുതറ വടക്കേതിൽ ലക്ഷ്മി സദനത്തിൽ രാജപ്പൻ മകൻ 60 വയസുള്ള ഓമനക്കുട്ടൻ.

ടി അപ്പീൽ പ്രതിയെ തെര്യപ്പെടുത്തുന്നത്.

ബഹുമാനപ്പെട്ട മാവേലിക്കര മുൻസിഫ് കോടതിയിലെ O.S. 299/2025–ാം നമ്പർ അന്യായം വിൽപത്രം ബോധിപ്പിച്ചില്ലെന്ന കാരണത്താൽ തള്ളി ഉത്തരവായിട്ടുള്ളതിനും ആയത് തെളിയിക്കുന്നതിലേക്കായി ബോധിപ്പിച്ച മേൽ നമ്പർ അപ്പീൽ 03.11.2026 തീയതിയിലേക്ക് അവധി വെച്ചിട്ടുള്ളതും, അപ്പീലിനെ സംബന്ധിച്ച് തർക്കമുള്ള പക്ഷം അന്നേ ദിവസം പകൽ പതിനൊന്നു (11) മണിക്ക് നേരിട്ടോ അധികാരപ്പെടുത്തിയ അഡ്വക്കേറ്റ് മുഖേനയോ ഈ കോടതി മുമ്പാകെ ഹാജരായി ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം തർക്കമൊന്നുമില്ലെന്നുകണ്ട് ഹർജി തീർച്ച ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻപ്രകാരം
സെൻട്രൽ നാസർ
അഡ്വക്കേറ്റ്: എസ്. ലത (ഒപ്പ്)
10.09.2026